LIBRARY ARCHIVES Kerala Legislative Assembly

സ്മാർട്ട് മീറ്ററുകൾ

229(535) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രണഭോക്തൃ വാട്ടർ മീറ്ററുകൾക്കു പകരം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; എത്ര ശതമാനം ഗ്രണഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ള വാർഡുകളിൽ സ്മാർട്ട് സിറ്റി മിഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ 500 സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ ഒരു കോടി രൂപയ്ക്കുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ 110 എണ്ണം സ്ഥാപിച്ചുകഴിഞ്ഞു. പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന പദ്ധതിയായതിനാൽ ആകെ ഗ്രണഭോക്തൃ ശതമാനം കണക്കാക്കുവാൻ സാധിക്കില്ല. കൂടാതെ തിരുവനന്തപുരം നഗരത്തിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി, സർക്കാർ ഓഫീസുകൾക്കും പ്രതിമാസം കുറഞ്ഞത് 300 കി.ലി. (300 KL) മുകളിൽ ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്കും, പരീക്ഷണാടിസ്ഥാനത്തിൽ സാധാരണ മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയും കേരള ജല അതോറിറ്റി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാംഘട്ടമായി 394 സ്മാർട്ട് മീറ്ററുകളാണ് സ്ഥാപിക്കേണ്ടത്. ഇതിൽ 269 സ്മാർട്ട് മീറ്ററുകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. മീറ്ററുകളുടെ റീഡിംഗ് രേഖപ്പെടുത്തുന്നതിന് ഇന്റർലിങ്കിംഗ് സോഫ്റ്റ്വെയർ കൂടി രൂപപ്പെടുത്തേണ്ടതുണ്ട്. 400 മീറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന രണ്ടാം ഘട്ട പ്രവൃത്തികൾക്കുള്ള കരാർ ഒപ്പിടുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വാട്ടർ അതോറിറ്റി റെയിൽവേയ്ക്ക് അടയ്ക്കേണ്ട കുടിശിക അടയ്ക്കുന്നതിന് നടപടി

230(536) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ-ബാലരാമപുരം-വിളവൂർക്കൽ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ബാലരാമപുരം പഞ്ചായത്തിൽ കുടിവെള്ള ടാങ്കും പൈപ്പ് ഇടലും പൂർത്തിയായെങ്കിലും റെയിൽവേയ്ക്ക് വാട്ടർ അതോറിറ്റി നൽകാനുള്ള കുടിശ്ശിക നൽകാത്തത് കാരണം ബാലരാമപുരം തേമ്പാമുട്ടത്ത് റെയിൽവേ ലൈൻ ക്രോസ്സ് ചെയ്ത് പൈപ്പ് ഇടുന്നതിന് അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;